(സി) സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റ് നിരന്തരം ലാപ്സാക്കുന്ന സാഹചര്യ ത്തെക്കുറിച്ച് പരിശോധിക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-12 - 400 ലക്ഷം
2012-13 - 50 ,,
2013-14 - 60 ,,
2014-15 - 60 ,,

(ബി) 2011-12 - ഒന്നും ചെലവഴിച്ചിട്ടില്ല.
2012-13 - ഒന്നും ചെലവഴിച്ചിട്ടില്ല.
2013-14 - മുഴുവൻ തുകയും ചെലവഴിച്ചു
2014-15 ൽ 30 ലക്ഷം രൂപ ചെലവഴിച്ചു. 30 ലക്ഷം രൂപ ഇ.എൽ. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. പ്രസ്തുത തുക 2015 ആഗസ്റ്റ് 31-ന് മുമ്പ് ചെലവഴിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) 2011-12, 2012-13 കാലയളവിൽ അനുവദിച്ച ഗ്രാന്റ്-ഇൻ-എയ്ഡ് ഹോംകോയുടെ രണ്ടാംഘട്ട വികസനത്തിനു വേണ്ടിയായിരുന്നു. രണ്ടാംഘട്ട വികസന ത്തിനുവേണ്ടി വാങ്ങിയ ഭൂമിയിൽനിന്നും 65 സെന്റ് ഭൂമി ദേശീയപാത വികസന ത്തിനുവേണ്ടി ഏറ്റെടുത്തതുവഴി ഹോംകോയുടെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയാത്തതിനാലാണ് പ്രസ്തുത ഗ്രാന്റ് ലാപ്സായത്. ടി വസ്തുവിനോട് ചേർന്നുള്ള പുറമ്പോക്ക് ഭൂമി സംസ്ഥാന സർക്കാർ ഹോം കൊയ്ക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ആരോഗ്യ കേരളം പദ്ധതി

127 (3561) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ഹോമിയോ മരുന്നുകളുടെ വിതരണത്തിനായി ഹോംകോക്ക് നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ആരോഗ്യ കേരളം പദ്ധതി മുഖേന എത്ര തുക ലഭിക്കുകയുണ്ടായി ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച തുകയിൽ എത്ര തുകയുടെ ഹോമിയോ മരുന്ന് ഇതിനോടകം വിതരണം ചെയ്യുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എൻ.ആർ.എച്ച്.എം. മുഖേന ഹോമിയോ മരുന്ന വിതരണത്തിനുള്ള 2014-15-ലെ തുക എപ്പോഴാണ് ഹോംകോയുടെ അക്കൗണ്ടിലേക്ക് ലഭിച്ചത്;

(ഡി) പ്രസ്തുത തുക ഹോംകോയുടെ 2014-15-ലെ വരവ് ചെലവ് കണക്കുകളിലെയും ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റിലെയും ഏത് ഇനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ഹോമിയോ മരുന്നുകളുടെ വിതരണത്തിനായി ഹോംകോ-ക്ക് നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ നിന്നും ഫണ്ടുകൾ ഒന്നുംതന്നെ നൽകിയിട്ടില്ല.

(ബി-ഡി) ബാധകമല്ല.

ഹോംകോയുടെ ഹോമിയോ മരുന്ന് വിതരണം

128 (3562) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോംകോ ഏതെല്ലാം അന്യസംസ്ഥാനങ്ങളിലാണ് ഹോമിയോ മരുന്ന വിതരണം നടത്തുന്നത്;

(ബി) പ്രസ്തുത അന്യസംസ്ഥാനങ്ങളിൽ ഹോമിയോ മരുന്ന് വിതരണം നടത്തുന്നത് ഏത് സ്ഥാപനങ്ങൾ മുഖേനയാണ്;

(സി) ഓരോ സ്ഥാപനം മുഖേനയും 2014-15-ൽ എത്ര തുകയുടെ ഹോമിയോ മരുന്ന വിതരണം നടത്തിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 കാലയളവിൽ ഹോംകോ കർണ്ണാടക, മഹാരാഷ്ട്ര, സിക്കിം, ത്രിപുര, ഉത്തർപ്രദേശ്, മിസോറാം, ജമ്മുകാശ്മീർ, ഝാർഖണ്ഡ്, ഉത്തരഖണ്ഡ്, വെസ്റ്റ് ബംഗാൾ, ഡൽഹി എന്നീ 11 സംസ്ഥാനങ്ങളിലേയ്ക്കും ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, പോണ്ടിച്ചേരി, ലക്ഷദ്വീപ് എന്നീ 3 കേന്ദ്രഭരണ പ്രദേശങ്ങളിലേയ്ക്കും കേന്ദ്ര ഹോമിയോ ഗവേഷണ കേന്ദ്രത്തിന്റെ രാജ്യത്തെ വിവിധ സ്ഥാപനങ്ങളിലേക്കും ഔഷധങ്ങൾ വിതരണം നടത്തിയിട്ടുണ്ട്.

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly